അന്തർദ്ദേശീയ മതതീവ്രവാദ സംഘടനകൾ

4 (274) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർദ്ദേശീയ ബന്ധമുള്ള മതതീവ്രവാദ സംഘടനകൾ സംസ്ഥാനത്തെ ഒളിത്താവളമാക്കാൻ ശ്രമം നടത്തിയിട്ടുള്ള ഏതൊക്കെ സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട്;

(ബി) നക്സൽ പ്രസ്ഥാനം, മാവോയിസ്റ്റുകൾ തുടങ്ങിയവ കേരളത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നത് സംബന്ധിച്ച ഏതൊക്കെ കേസുകളാണ് നിലവിലുള്ളത്;

(സി) ഇത്തരം സംഘടനകൾക്ക് ഏതെങ്കിലും മതതീവ്രവാദ സംഘടനകൾ സഹായം നൽകുന്നതായി കണ്ടെത്തിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഏതൊക്കെ കേസുകൾ സംബന്ധിച്ച അന്വേഷണങ്ങൾ കേന്ദ്ര ഏജൻസികളെ ഏല്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) അന്തർദ്ദേശീയ ബന്ധമുള്ള മതതീവ്രവാദ സംഘടനകൾ സംസ്ഥാനത്തെ ഒളിത്താവളമാക്കാൻ ശ്രമം നടത്തിയതായ സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സി.പി.ഐ. മാവോയിസ്റ്റ് നേതാവായ ആന്ധ്ര സ്വദേശി മല്ലരാജി റെഡ്ഡിയെ 2007 ഡിസംബർ മാസത്തിൽ കേരളത്തിലെ അങ്കമാലിയിൽനിന്ന് ആന്ധ്ര പോലീസ് അറസ്റ്റ് ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ആന്ധ്രയിലേയും മഹാരാഷ്ട്രയിലേയും ഏകദേശം 21 കേസുകളിൽ പ്രതിയായിരുന്ന മല്ലരാജി റെഡ്ഡി അങ്കമാലിയിൽ ഒളിവിൽ കഴിയവെയാണ് ആന്ധ്ര പോലീസ് പിൻതുടർന്നെത്തി അറസ്റ്റ് ചെയ്തത്. ഇടതുപക്ഷ തീവ്രവാദ സംഘടനകൾ കേരളത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നതായ മറ്റ് സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരളത്തിലെ ചില മതതീവ്രവാദ സംഘടനകൾ, ഇടതുപക്ഷ തീവ്രവാദ സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതമൗലികവാദ സംഘടനകളായി എൻ.ഡി.എഫ്./പി.എഫ്.ഐ.-യും ഇടത് തീവ്രവാദ സംഘടനകളായ പോരാട്ടം, റവല്യൂഷണറി പീപ്പിൾസ് ഫ്രണ്ട് (ആർപിഎഫ്.), പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (പിയുസിഎൽ.) എന്നീ സംഘടനകൾ പോലീസും ഗവൺമെന്റും ഈ സംഘടനയുടെ പ്രവർത്തകർക്കും സംഘടനയുടെ പ്രവർത്തനത്തിനും എതിരെ സ്വീകരിക്കുന്ന നടപടികൾ മനുഷ്യാവകാശ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് അതിനെ സംയുക്തമായി നേരിടാൻ ചില പൊതുവേദികളിൽ ഒത്തുചേരുകയും സംയുക്തമായി കാംപയിൻ നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം മതതീവ്രവാദ സംഘടനകൾ ഇടതുപക്ഷ തീവ്രവാദ സംഘടനാ പ്രവർത്തകർക്ക് മറ്റ് ഏതെങ്കിലും വിധത്തിൽ സഹായം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് സംബന്ധിച്ചുള്ള കേസുകളൊന്നും കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ 7-7-2010-ൽ നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ ഒരു പാസഞ്ചർ ട്രെയിനിന്റെ ബ്രേക്ക് സിസ്റ്റം മുറിച്ച് തകരാറാക്കിയതുമായി ബന്ധപ്പെട്ട കേസും 8-7-2010-ൽ മാവേലിക്കര റെയിൽവേ സ്റ്റേഷനിൽ വച്ച് വഞ്ചിനാട് എക്സ്പ്രസ് ട്രെയിനിൽ സ്ഫോടക വസ്തുക്കൾ കണ്ടെടുത്തതുമായി ബന്ധപ്പെട്ട കേസും 9-7-2010-ൽ കണ്ണൂർ ജില്ലയിൽ ഒരു ബസിൽ സ്ഫോടക വസ്തുക്കൾ കണ്ടെടുത്തതുമായി ബന്ധപ്പെട്ട കേസും തൊടുപുഴ ന്യൂമാൻ കോളേജിലെ പ്രൊഫസർ ടി. ജെ. ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ സംഭവവുമായി ബന്ധപ്പെട്ട കേസും എൻ.ഐ.എ. ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മൊബൈൽ ഫോൺ ക്യാമറകളുടെ ദുരുപയോഗം

5 (275) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽഫോൺ ക്യാമറകളുടെ ദുരുപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൊബൈൽഫോൺ ക്യാമറകളുടെ ദുരുപയോഗം നിയന്ത്രിക്കാൻ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് അശ്ലീല ചിത്രങ്ങൾ പകർത്തി ഇന്റർനെറ്റ് വഴിയും മൊബൈൽഫോൺ വഴിയും പ്രചരിപ്പിക്കുന്ന കുറ്റകൃത്യത്തിന് Sec.66E, 67, 67A, 67B of IT (Amendment) Act, 2008 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. മൊബൈൽ ഫോണിൽ കൂടിയും ഇന്റർനെറ്റ് വഴിയും വ്യക്തിഹത്യ നടത്തുന്ന ദൃശ്യങ്ങളോ മെസേജുകളോ പ്രചരിപ്പിക്കുന്നത് Sec.66 A(a) (b) (c) of IT (Amendment) Act 2008 പ്രകാരം കുറ്റകരമായതിനാൽ അപ്രകാരം ലഭിക്കുന്ന പരാതികൾക്കും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. കാലാകാലങ്ങളിലും മറ്റും മൊബൈൽ ഫോണിന്റെ ഉപയോഗം വിലക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട് റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ തക്കതായ ശിക്ഷ ലഭിക്കുന്നതിനും അതുവഴി മാതൃകാപരമായ മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇത് സംബന്ധിച്ച മുന്നറിയിപ്പുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly